**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5** **29-01-2024 - ൽ മറുപടിയ്ക്ക്**

**നവകേരള സദസ്സിനായി ചെലവഴിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവകേരള സദസ്സുമായി ബന്ധപ്പെട്ട് കിട്ടിയ പരാതികൾ എത്ര, കിട്ടിയ പരാതികളിൽ പൂർണ്ണമായും പരിഹരിച്ചവ, ഭാഗികമായി പരിഹരിച്ചവ, ഒരു നടപടിയും സ്വീകരിക്കാത്തവ എത്ര എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (എ) | 6,42,076 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ചില പരാതികൾ ഒന്നിലധികം വകുപ്പുമായി ബന്ധപ്പെട്ടവയാണ്. ഇവ അതത് വകുപ്പുകൾക്ക് നടപടികൾക്കയായി പ്രത്യേകം പ്രത്യേകം നൽകുമ്പോൾ നടപടിയെടുക്കേണ്ട വിഷയങ്ങളുടെ എണ്ണത്തിൽ ഇനിയും വർദ്ധനവ് വരും. നിവേദനങ്ങൾ യാന്ത്രികമായി തീർപ്പാക്കരുതെന്നും വ്യക്തമായ കാരണങ്ങളില്ലാതെ പരാതികൾ നിരസിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പുവരുത്താൻ സംസ്ഥാന-ജില്ലാതലങ്ങളിൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും തീർപ്പ കൽപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുസ്വഭാവമുള്ള പരാതികൾ തരംതിരിച്ച് അതിൽ പൊതുതീരുമാനം കൈക്കൊള്ളുന്നതാണ്. നിലവിലുള്ള ചട്ടങ്ങളിലോ ഉത്തരവുകളിലോ മാറ്റങ്ങൾ അനിവാര്യമാണെങ്കിൽ അക്കാര്യവും പരിഗണിക്കുന്നതാണ്. നിവേദനങ്ങൾ തീർപ്പാക്കുന്നതിന്റെ പുരോഗതി ഓരോ ജില്ലയുടെയും ചുമതലയുള്ള മന്ത്രിമാർ വിലയിരുത്തും. അതോടൊപ്പം ഓരോ ജില്ലയയിലെയും പരാതിപരിഹാരത്തിന് മേൽനോട്ടം വഹിക്കാൻ ഉയർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | നവകേരള സദസ്സിനായി ഓരോ മണ്ഡലത്തിലും പരസ്യം , ഫ്ലക്സ്, പന്തൽ, ലൈറ്റ് & സൗണ്ട്സ്, കസേര, ഭക്ഷണം, പൗര പ്രമുഖരുമായി നടത്തിയ പ്രഭാത ഭക്ഷണം, പ്രചരണം, മറ്റു ചെലവുകൾ എന്നിവയ്ക്കായി ആകെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ പട്ടിക രൂപത്തിൽ ലഭ്യമാക്കുമോ; | (ബി) | മണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ച സംഘാടക സമിതികൾ സ്പോൺസർഷിപ്പിലൂടെയും മറ്റുമാണ് പരിപാടി സംഘടിപ്പിച്ചത്. ഇത് സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | നവകേരള സദസ്സിന്റെ ചെലവുകൾക്കായി സർക്കാർ നൽകിയ തുക, സ്പോൺസർഷിപ്പ് വഴി ലഭിച്ച തുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭിച്ച തുക, സദസ്സിന്റെ ചുമതല വഹിച്ച കൺവീനർമാർ പിരിച്ചു നൽകിയ തുക, മറ്റു സംഭാവനകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | മണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ച സംഘാടക സമിതികൾ സ്പോൺസർഷിപ്പിലൂടെയും മറ്റുമാണ് പരിപാടി സംഘടിപ്പിച്ചത്. ഇത് സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. |
| (ഡി) | നവകേരള സദസ്സുമായി ബന്ധപ്പെട്ടുള്ള പരിപാടികൾക്കായി ആകെ എത്ര മതിലുകൾ പൊളിച്ചു; അവ പുതുക്കി പണിതോ; മതിലുകൾ പൊളിച്ചു കെട്ടുന്നതിനായി എത്ര രൂപ ചെലവായി; ആ തുക എവിടെ നിന്ന് കണ്ടെത്തി; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | മണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ച സംഘാടക സമിതികൾ സ്പോൺസർഷിപ്പിലൂടെയും മറ്റുമാണ് പരിപാടി സംഘടിപ്പിച്ചത്. ഇത് സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ